**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 862** **10-06-2021 - ൽ മറുപടിയ്ക്ക്**

**ടൂറിസം മേഖല നേരിടുന്ന കനത്ത പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ടൂറിസം മേഖല മഹാമാരിയും തുടർച്ചയായി ഉണ്ടാകുന്ന പ്രകൃതി ദുരന്തങ്ങളും കാരണം കനത്ത പ്രതിസന്ധി നേരിടുന്ന കാര്യം ഗൗരവമായി എടുത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രതിസന്ധിയിലായ പ്രസ്തുത മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | പ്രതിസന്ധിയിലായ പ്രസ്തുത മേഖലയ്ക്ക് ഉത്തേജനം നൽകുന്നതിന് വിവിധ പദ്ധതികൾ സർക്കാർ നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ ഇടപെടൽ മൂലം ഈ രംഗത്ത് വൈദ്യുതി നിരക്കിൽ ഇളവ് ലഭ്യമാക്കുവാനും കെട്ടിട നികുതി - ഭൂനികുതി ഇളവുകളുടെ സമയം ദീർഘിപ്പിച്ചു നൽകുവാനും സാധ്യമായി. സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി ടൂറിസം രംഗത്തുള്ള നിക്ഷേപകർക്കും തൊഴിലെടുക്കുന്നവർക്കും വേണ്ടി ഏർപ്പെടുത്തിയ മുഖ്യമന്ത്രിയുടെ വായ്പാ പദ്ധതി നടപ്പിലാക്കി. മാത്രമല്ല ഹൗസ് ബോട്ട് ഉടമകൾ, ടൂറിസം ഗൈഡുമാർ എന്നിവർക്ക് ലഭ്യമാക്കിയ ഒറ്റത്തവണ ധനസമാശ്വാസ പദ്ധതിയും നടപ്പാക്കിയിരുന്നു. ഇതിനുപുറമേ വിനോദ സഞ്ചാര മേഖലയിലെ വിവിധ സർക്കാർ അംഗീകൃത / ക്ലാസിഫൈഡ് യൂണിറ്റുകളായ ആയുർവേദ സെന്റർ, ഹൗസ് ബോട്ട്, ഹോം സ്റ്റേ, സർവ്വീസ്ഡ് വില്ല, റസ്റ്റോറന്റ്സ്, ടൂർ ഓപ്പറേറ്റേർസ് എന്നിവർക്ക് അവരുടെ ക്ലാസിഫിക്കേഷൻ/അംഗീകാരം തീരുന്ന മുറക്ക് 2020 ഡിസംബർ 31 വരെ നിരുപാധികം അംഗീകാരം/ ക്ലാസിഫിക്കേഷൻ സർക്കാർ ദീർഘിപ്പിച്ചു നൽകിയിരുന്നു. 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിൽ ടൂറിസം മേഖലയുടെ പുനരുജ്ജീവനത്തിനായി 30 കോടി രൂപ മാറ്റിവച്ചിരുന്നു. പാക്കേജ് തയ്യാറായി വരുന്നു. 'KFC' വഴി വായ്പാ പദ്ധതി ആവിഷ്കരിച്ചു വരുന്നു. ടൂറിസം മാർക്കറ്റിംഗിനായി 50 കോടി രൂപ കൂടുതൽ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെത്തുന്ന സഞ്ചാരികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന കുറവ് ഈ മേഖലയെ എപ്രകാരമാണ് ബാധിച്ചത്; വിശദീകരിക്കാമോ; | (സി) | കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്ത് എത്തുന്ന സഞ്ചാരികളുടെ എണ്ണത്തിൽ ഉണ്ടാകുന്ന കുറവ് വിനോദ സഞ്ചാര മേഖലയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകളും ഹോട്ടലുകളും റസ്റ്റോറന്റുകളും ഹോംസ്റ്റേകളും ആയുർവേദ സെന്ററുകളും സഞ്ചാരികളില്ലാതെ ബുദ്ധിമുട്ടുന്നുണ്ട്. ബീച്ച്, കായൽ, ഹിൽ സ്റ്റേഷൻ എന്നിവിടങ്ങളിൽ സഞ്ചാരികൾ എത്താത്തത് ഈ മേഖലയെ ആശ്രയിച്ചുകഴിയുന്ന ചെറുതും വലുതുമായ എല്ലാ വിഭാഗങ്ങളെയും പ്രതികൂലമായി തന്നെ ബാധിച്ചിട്ടുണ്ട്. |
| (ഡി) | ഈ വർഷം അവസാനത്തോടുകൂടി കോവിഡിന്റെ മൂന്നാം തരംഗം ഉണ്ടാകുമെന്ന മുന്നറിയിപ്പ് ഇതിനകം തന്നെ വന്ന സാഹചര്യത്തിൽ, ആയിരക്കണക്കിന് പേർക്ക് ഉപജീവനം നൽകുന്ന ടൂറിസം മേഖലയ്ക്ക് പ്രത്യേക പരിഗണന നൽകി പരിരക്ഷിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വെളിപ്പെടുത്താമോ? | (ഡി) | കോവിഡ് മൂലം വിനോദ സഞ്ചാര മേഖലക്ക് സംഭവിച്ച പ്രതിസന്ധി പരിഹരിക്കുന്നതിനായി വിവിധ സമാശ്വാസ പദ്ധതികൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടൂറിസം മേഖലക്കായി ഒരു പാക്കേജ് പരിഗണനയിലുമുണ്ട്. |

സെക്ഷൻ ഓഫീസർ